# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ. യു.പി. സ്കൂൾ, തളി

### ആമുഖം

പൊതുവിദ്യാലയങ്ങൾ ഉണരുകയാണ്. കേരളത്തിലെ ഓരോ പൊതുവിദ്യായവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്ന് വരുവാനുള്ള ശ്രമങ്ങൾ സർക്കാർ, വിദ്യാഭ്യാസവകുപ്പ്, ജനപ്രതിനിധികൾ, ത്രിതല പഞ്ചായത്തുകൾ, പൊതുജനങ്ങൾ, അധ്യാപക രക്ഷാകർതൃ സമൂഹം, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നടന്നു വരികയാണ്. വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും, നൈപുണികളും, ശേഷികളും, മനോഭാവവും, മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്.

എല്ലാ സ്കൂളുകളിലും ആവശ്യം നടക്കേണ്ട ചില പദ്ധതികളുടെ വിശദാംസങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. സങ്കലിത വിദ്യാഭ്യാസം, മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉപഭാഷകൾ, ഗണിതം, സയൻസ്, മാനവിക വിഷയങ്ങൾ, കലാസാംസ്കാരം, കായികപഠനം, പ്രവൃത്തി പരിചയവും, ക്ലബ് പ്രവർത്തനവും എന്നീ മേഖലകളാണുള്ളത്. ഓരോ മേഖലയ്ക്കും 4 ഉപശാഖകളുണ്ട്. നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രശ്നങ്ങൾ, പ്രശ്ന വിശകലനം (ഫോർമാറ്റ് 1), പരിഹാര പ്രവർത്തനങ്ങളുടെ വിശദാംശം, പ്രവർത്തന വിശകലനം (ഫോർമാറ്റ് 2) എന്നിവയാണവ. കുട്ടികളുടെ സർവ്വധോമുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് ഇവിടെ രൂപകല്പന ചെയ്തിട്ടുള്ളത്. ഒരു സർഗ്ഗാത്മക പ്രവർത്തനമാണ് നാം ഏറ്റെടുക്കുന്നത്. ഈ പ്രക്രിയ എത്രമാത്രം കാര്യക്ഷമമായി നിർവ്വഹിക്കുന്നു എന്നത് നാം വിഭാവനം ചെയ്ത അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന സങ്കല്പത്തെ സാധൂകരിക്കുന്നതാവണം. അത് സാധ്യമാകും വിധം കാഴ്ചപ്പാടും, ചിന്തയും, പ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ട് സമയ ബന്ധിതമായി പ്രവർത്തിക്കാൻ എല്ലാവരും സജ്ജരാവുക.

## ലക്ഷ്യങ്ങൾ

- 1 മുതൽ 7 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടാൻ പര്യാപ്തമായ വിധത്തിൽ അക്കാദമിക പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
- പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി (ഓരോ വിഷയത്തിലും) ആവശ്യമായ പിന്തുണയും പരിഹാര പ്രക്രിയകളും ലഭ്യമാക്കുക.
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകളും ഉറപ്പാക്കുക.
- അധ്യാപന നിലവാരം ഉയർത്താൻ അധ്യാപകർക്കായി ശാസ്ത്രീകരണ പരിപാടികൾ
- സ്കൂൾ, ലൈബ്രറി, ലബോറട്ടറി എന്നിവ നവീകരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കും.
- കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക, സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുക.
- കലാകായിക പ്രവൃത്തി പരിചയ മികവുകൾ ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ, സാമഗ്രികൾ, വിദഗ്ദ്ധ പരിശീലനം എന്നിവ ഉറപ്പാക്കുക.
- ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.
- "ക്യാമ്പസുതന്നെ പാഠ പുസ്തകം" എന്ന ആശയത്തിലൂന്നി ജൈവവൈവിധ്യ ഉദ്യാനം നടപ്പിൽ വരുത്തും.

- പ്ലാസ്റ്റിക്മുക്ത, ലഹരിമുക്ത - കീടനാശിനിമുക്തച ക്യാമ്പസ് സൃഷ്ടിക്കും.
- ലഘു പഠനയാത്രകൾ, ക്യാമ്പുകൾ, ശില്പശാലകൾ, പ്രൊജക്ടുകൾ, സർവ്വേ പഠനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.
- വിദ്യാഭ്യാസത്തിന്റെ ജനകീയവത്കരണം അർത്ഥപപൂർണമാക്കും.
- പ്രതിഭാപോഷണ പരിപാടി (ടാലന്റ് ലാബ്) ആവിഷ്കരിച്ച് നടപ്പിലാക്കും.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും ഗൈഡൻസ്, കൗൺസിലിംഗ് ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും. പ്രാദേശിക വിഭവം പ്രയോജപ്പെടുത്തും.
- വിവിധ പിന്തുണാ സംവിധാനങ്ങളെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയ വിനിമയശേഷി ഉറപ്പുവരുത്തുക.
- കുട്ടികളിലെ നൈസർഗികമായ കഴിവുകൾ ഉണർത്താനും പരിപോഷിപ്പിക്കാനുമായി അഭിനയം, ചിത്രരചന, പാരായണം തുടങ്ങിയ മേഖലികളിൽ പരിശീലനം നൽകുന്നു.
- മലയാളഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ മുന്നോക്കം കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- മലയാളം, ഇംഗ്ലീഷ്, ഗണിതം, സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുന്നു
- പഠന വിഷയങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടികൾ ~~ക്കുള്ള~~ പ്രതിഭാ പോഷണം (LSS, USS) പരിശീലനങ്ങൾ

# ACADEMIC MASTERPLAN - ENGLISH

## INTRODUCTION:

The classroom must be organized in such a way as to make the learners participate in the learning activities. Learning process should aim at the all-round development of the learner they must have some lose of basic skills. There may be learning gap and so many challenges among students regarding to LISTENING, SPEAKING, READING AND WRITTIG SKILLS. The following are some activities to develop these skills and overcome the challenges

## OBJECTIVES:

- To include all students in English language learning process
- To enrich and enhance the language proficiency of the learner
- To support and motivate the low proficient learners by scaffolding.
- To make the learning process enjoyable by group level competitions and peer group learning

**Target students: All students**

**Time Duration: June to February**

## LINGUA SPARK - PROGRAMME FOR ENGLISH LANGUAGE ENHANCEMENT

### ENGLISH CLUB SIGNATURE– UP

| No | Area | Activities | Month | Finance | Remarks |
|---|---|---|---|---|---|
| 1 | Reading | Card reading competitions (simple poems and stories) | July | | |
| 2 | Reading, Speaking, Writing | Preparing news report about the programs conducted in school | August | | |
| 3 | Speaking | Talk on a topic/debate | September | | |
| 4 | Speaking &Writing | Drama theater (preparing scripts based on TB & performance) | October | | |
| 5 | Speaking, Reading & Writing | Documentary/short films/reels/based on textual lessons | November, December | | |
| 6 | LSRW | Signature English Fest (Anchoring, Drama, Skit etc: ) | February | 2000 | |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage<br>Listening & speaking. | Interactive storytelling sessions discussing themes, characters and plots to enhance listening skills. | June | English Teachers | English Club |
| Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills. | Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles | | | |
| To encourage Reading<br>Develop basic reading, writing, listening, and speaking skills. | Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels. | | | |
| Cultivate effective communication skills for various contexts. | Each group reads the assigned text together and discusses key elements like plot, characters, and themes.<br>Encourage students to take turns reading aloud and share their interpretations and reactions to the text.<br>After discussions, each group presents a summary or analysis of their assigned text to the class.<br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | July | | |
| | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage. | August<br>December | English Teachers | English Club |
| To develop Writing Skills<br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules. | Improve sentence structure<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation. | January<br>February | | |

| | | | | |
|---|---|---|---|---|
| Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | | | |
| Language Games, puzzles and Activities:<br><br>Differentiation and Support: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for especially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the Year | | English club |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs. | Throughout the Year | English Teacher | English Club |
| Parent Involvement | Provide resources and tips for parents on how to support their child's literacy development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as | | English teachers And PTA Members | |

| | | | | |
|---|---|---|---|---|
| | **flashcards, games, or resource packs, that can be used in the classroom or sent home for additional practice.** | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## മേഖല: അടിസ്ഥാന ശാസ്ത്രം - യു പി

2025-26 അധ്യയന വർഷത്തിൽ യു പി ക്ലാസ്സുകളിൽ 62 കുട്ടികൾ ആണ് ഉള്ളത് .മുഴുവൻ കുട്ടികൾക്കും പഠനലക്ഷ്യം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോട് കൂടി യാണ് അടിസ്ഥാന ശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കികൊണ്ടിരിക്കുന്ന സമഗ്രഗുണമേന്മ പദ്ധതി യുടെ ഭാഗമായി പറഞ്ഞിരിക്കുന്ന തുപോലെ ഓരോ കുട്ടിയുടെയും പഠനപുരോഗതിയും സമഗ്രവികാസവുംഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടി ഈ മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്

പ്രവർത്തനം 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7,ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങളും കുട്ടികൾക്ക് നേടിക്കൊടുക്കുക | വർക്ക് ഷീറ്റുകൾ, പ്രൊജക്റ്റ് പഠനോപകാരണ നിർമ്മാണം പരീക്ഷണങ്ങൾ സയൻസ് കിറ്റ് സയൻസ് കോർണർ എന്നിവ തയ്യാറാക്കൽ | ജൂൺ - ഡിസംബർ | സയൻസ് ടീച്ചർ | പി ടി എ |

## പ്രവർത്തനം 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബ് നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

## പ്രവർത്തനം 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത ,ശാസ്ത്രം ജന നന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ് | 1000 |

പ്രവർത്തനം 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | ഒഴിവു ദിനങ്ങളിൽ | എസ് ആർ ജി | 2000 |

പ്രവർത്തനം 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ഉള്ള ശാസ്ത്രസ് പഠനം | വെർട്ടിക്കൽ ഗാർഡൻ ശലഭപാർക് ഔഷധത്തോട്ടം എന്നിവയുടെ നിർമാണം | ജൂൺ സെപ്റ്റംബര് | സയൻസ് ക്ലബ് | 1500 |

പ്രവർത്തനം 6

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ബൊട്ടാണിക്കൽഗാർഡനിലേക്ക ഒരു ഫീൽഡ് ട്രിപ്പ് ,മഴ നടത്തം നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘു പരീക്ഷണങ്ങൾ ചെയ്യൽ | ജൂൺ സെപ്റ്റംബര് | സയൻസ് ക്ലബ് | 2000 |

## പ്രവർത്തനം 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക | സയൻസ് ലാബിലെ ഉപകരണങ്ങൾ സ്വയം പ്രവർത്തിപ്പിച്ച നോക്കാൻ അവസരം നൽകുന്ന പുതിയ പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന സയൻസ് കിറ്റ് ഉപയോഗിച്ച് ശാസ്ത്ര ഉപകരണങ്ങൾ നിർമിക്കുക | ജൂൺ മാർച്ച് | സയൻ സ് ടീച്ചർ | |

## പ്രവർത്തനം 8

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂളിലെ ശാസ്ത്ര മേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒന്ന് | സയൻ സ് ക്ലബ് | പി ടി എ (1500) |

## പ്രവർത്തനം 9

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങളെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക | ഐസിടി യുടെ സഹായത്തോടെ ശാസ്ത്രലോകത്തെ പല നൂതന വിസ്മയങ്ങളും കുട്ടികളിൽ എത്തിക്കുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |

## പ്രവർത്തനം 10

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അന്ധവിശ്വാസങ്ങളിൽ നിന്നുള്ള മോചനം കാര്യങ്ങളെ ശാസ്ത്രത്തിന്റെ പിൻബലത്തോടെ വിശദീകരിക്കാൻ കഴിയുക | നിത്യ ജീവിതത്തിൽ കേട്ട് പരിചയമുള്ള പല അന്ധവിശ്വാസങ്ങളുടെയും ശാസ്ത്രീയ വിശദീകരണം വിവിധ മീഡിയകളുടെ സഹായത്തോടെ വിശദീകരിച്ചു നൽകുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |

## പ്രവർത്തനം 11

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രത്തെ കല കായിക മേഖലകളുമായി ബന്ധപ്പെടുത്തുക | പാഠഭാഗത്തെ വിവിധ സന്ദർഭങ്ങളെ ചിത്രീകരിക്കാനും നാടകം ,റീൽസ്,നാടൻപാട്ടുകൾ എന്നിവയിലൂടെ അവതരിപ്പിക്കാനും അവസരം നല്കുക പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യായാമത്തിന്റെ പ്രാധാന്യം മനസിലാക്കുന്ന സുമ്പ, യോഗ പോലുള്ള വ്യായാമങ്ങൾ ചെയ്യാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

അക്കാദമിക

മാസ്റ്റർപ്ലാൻ

EVS IV Std

GUPS TALI

പ്രകൃതിനടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമേള ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഉണ്ടാക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA |
| ശാസ്ത്രയാത്ര ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA മാനേജർ |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം ലോകം-ഇന്ത്യ-ഭൂപടം വരച്ച സൂചിക - പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന, സൂചിക നിർമ്മാണം | വർഷത്തിലുടനീളം | SRG കൺവീനർ | PTA |
| ശാസ്ത്രവിസ്മയങ്ങൾ ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG കൺവീനർ | PTA |
| സാമൂഹ്യശാസ്ത്രോത്സവം ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം ഉപകരണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG കൺവീനർ | PTA |
| ശാസ്ത്രമാസിക ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികയുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | HM SRG കൺവീനർ | PTA |

STD IV- MALAYALAM

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥയിലുള്ളവരെ മുന്നോട്ട് എത്തിക്കുക | • അക്ഷര ചിത്രങ്ങൾ<br>• പദ നിർമ്മാണം<br>• ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | ജൂൺ | ക്ലാസ് ടീച്ചർ |
| വായന ശേഷി വർധിപ്പിക്കുക | • ക്ലാസ് ലൈബ്രറി ശാക്തീകരണം<br>• വായിക്കാം വളരാം<br>• ക്ലാസ് വായന<br>• പുസ്തക പരിചയം<br>• വായന കുറിപ്പ്<br>• വിജ്ഞാന ചെപ്പ് (പത്ര ക്വിസ്) | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ ,S R G |
| എഴുത്ത് പരിപോഷിപ്പിക്കുക | • കടങ്കഥ പരിചയം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട രചനകൾ<br>രചന പരിചയ കുറിപ്പ്<br>• ഡയറി എഴുതൽ<br>• അനുഭവക്കുറിപ്പ് എഴുതൽ | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ ,S R G |
| വായനാനുഭവങ്ങൾ പങ്കുവെക്കൽ | • കുട്ടികളുടെ രചനപരിചയക്കുറിപ്പ് പ്രകാശനം<br>• അമ്മമാരുടെ വായന<br>• 'റേഡിയോതുള്ളി ' യിലൂടെ കുട്ടികളുടെ രചനകൾ പങ്കുവെക്കൽ | നവംബർ ഡിസംബർ | ക്ലാസ് ടീച്ചർ ,S R G,C P T A |
| സാഹിത്യകാരന്മാരെ അടുത്തറിയൽ സർഗാത്മക രചനകൾ നടത്തൽ/ സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ നടത്തുക | • പുസ്തക പരിചയം<br>• ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br>• പ്രഭാഷണം<br>• ഡോക്യുമെന്ററി പ്രദർശനം<br>• വായന പതിപ്പ് തയ്യാറാക്കൽ<br>• താലി വാർത്തകൾ പത്രം തയ്യാറാക്കൽ | ജനുവരി ഫിബ്രവരി മാർച്ച് | ക്ലാസ് ടീച്ചർ ,S R G ,H M |

# Std IV English

| Objectives | Activities | Duration/Time | Responsible |
| --- | --- | --- | --- |
| Increasing the ability to read, write and speak English effectively | Reading Cards. English Assembly. Games. Notice | June-July | SRG. Class Teacher |
| The ability to write without errors | English Diary. Making Reading Cards. Poster Making. Signature-Bridge Course | August. September. Signature-Bridge Course: June to March | HM. SRG. Class Teacher |
| Development of creative writing skills | English Theatre. Use Skit-Drama. Conversation. Story Telling. English Magazine | October. November | SRG. Class Teacher |
| Writing proficiency in English | Letter Writing. Handwriting Competition | December | SRG. Class Teacher |
| Enhancing Reading Ability | English Corner. Reading Corner. Reading Time. Comprehension. Introducing Books | January | SRG. Class Teacher |
| Getting Confidence in Handling English | Reading Competition. Roleplay Skit. English Fest | February. March | HM. SRG. Class Teacher |

# അക്കാദമിക
# മാസ്റ്റർപ്ലാൻ

MATHS IV Std

GUPS TALI

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

## കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ [ചതുഷ്ക്രിയകൾ ലളിതമാക്കൽ] | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ ശ്രേണീനിർണയം [ഏണിയും പാമ്പും ഡയസ് കളി] സങ്കലനം വ്യവകലനം [ചുവടുകളി] | വർഷമുടനീളം | SRG ക്ലാസ്ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം ഗണിതശാസ്ത്ര പഠനം രസകരമാക്കൽ-കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രവർത്തനം | വർക്കിംഗ് ദിനങ്ങൾ | ക്ലാസ്ടീച്ചർ | PTA |

ഗണിതലാബ്

| | | | | |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA |
| ഗണിതച്ചുമർ<br>ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ<br>ഗണിത രൂപങ്ങൾ വെട്ടിയെടുത്ത് ഒട്ടിക്കൽ<br>ഈർക്കിൽ, തീപ്പെട്ടിക്കൊള്ളി ഇവ ഉപയോഗിച്ച് ഗണിത രൂപം നിർമിക്കൽ | | | |
| ഗണിത മേള<br>ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ, പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG ക്ലാസ്ടീച്ചർ | |
| | | | | |

ക്ലാസ്: മൂന്ന് വിഷയം: പരിസര പഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും |
| 2 | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ |
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ. |
| 5 | മാർച്ച് - മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

ലക്ഷ്യം : 2
## കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു |
| 2 | ജൂലൈ - മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു |
| 3 | ജൂൺ - ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ _ മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. |

ലക്ഷ്യം : 3
## ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി-മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc) |
| 2 | ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി-മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം |

# ACADEMIC MASTER PLAN

CLASS : III

MALAYALAM

GUPS TALI

# മലയാളം

## ലക്ഷ്യങ്ങൾ

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കുക. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുക.
- കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
- രചനകൾ ഭാവാത്മകമായി വായിക്കുക.
- ആസ്വദിച്ച ഭാഷാ രൂപകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്) മുതലായവ ഹൃദിസ്ഥമാക്കുന്നതും പറ്റിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുക.
- ലഘുവായ സർഗ്ഗാത്മക രചനകൾ നടത്തുക. (കഥ, കവിത, ഡയറി, ചിത്ര
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുക.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുക.

## ഇതിനായി നടത്തുന്ന മുന്നൊരുക്കങ്ങൾ

### ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

- നാടൻപാട്ടുകൾ ശേഖരണം (പ്രവർത്തികൾ ഉള്ളത്)
- പഴഞ്ചൊൽ ശേഖരണം
- കഥാശേഖരം (ക്ലാസ് ലൈബ്രറി നവീകരണം) നാട്ടുകഥകൾ
- നാടൻപാട്ടിലെയും കവിതയിലെയും താളം (കവിതചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണശില്പശാല)
- കടങ്കഥ ശേഖരണം - കടങ്കഥപ്പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം
- പാവനാടകത്തെ അടുത്തറിയാം (ശില്പശാല)

### ആഗസ്റ്റ് - സെപ്റ്റംബർ

2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച <u>ചിത്രങ്ങളുള്ള</u> പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല

- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം (പത്രവായനയിലൂടെ വായനയെ പരിപോഷിപ്പിക്കൽ)
-

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം - പതിപ്പ്
- നാടൻപാട്ട് ശില്പശാല

# ACADEMIC MASTER PLAN

## CLASS : III

# ENGLISH

GUPS TALI

# ENGLISH

## AIM

- To speak, Read and write English without any mistakes.

Time :- June to March

- To check the vocabulary and writing skills of pupils.

## Activities

June and July

Pretest

- To develop listening skills and reading skills.

Listening skills :-

Games, Action songs

- Hello english activities.
- Conversations
- Skit, stories
- Use ICT

Speaking skills :-

- Identify the naming words from the picture.

- Identify the action words from the picture.
- Make the simple sentences using the word about picture.
- Make simple description about the picture.

Growing sentences, picture reading, Self introductions

August and September

- Develop the creative speaking and writing

Reading Skills

Books reading
Find words
collect and read past tense
Rhyming words
TB Activities.

Writing Skills

Make the word web
picture description
word chain
Make words and sentences
Make riddles, conversations
Add more lines.

October and November

To express thoughts, feelings etc .....

Reading Skills

- Library book reading
- Conversations, Skit, Stories, Use ICT
- Read Notice
- Develop Story

Writing Skills

- Description
- Thoughts

December and January

Develop the creative speaking and writing

Reading Skills

- Library books reading
- Conversations, Skit stories use ICT
- Develop Story
- Reads Diary

Writing Skills

- Dairy
- Announcement

## February and March

To improve the presentation power.

Reading Skills

- Library books Reading
- conversations, Skit Stories
- Develop Story.

Writing Skills

- Dairy
- Description
- Thoughts
- Exibition

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ,ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടികളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |



jiban550@gmail.com

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം: സാമൂഹ്യശാസ്ത്രം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | ഇലക്ഷൻ ,നാമനിർദ്ദേശപത്രിക പ്രചരണം, വോട്ടിംഗ് മെഷീൻ എന്നിങ്ങനെ പരമാവധി ജനാധിപത്യ ക്രമം അനുസരിച്ച് വോട്ടെടുപ്പ് നടത്തി സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു | ജൂലൈ | എസ് എസ് ക്ലബ് | PTA | |
| കുട്ടികളിൽ ചരിത്രബോധം വളർത്തിയെടുക്കൽ | ചരിത്രത്തിൽ ഇന്ന് എന്ന വിഷയവുമായി ബന്ധപ്പെട്ട വാർത്ത എല്ലാ ക്ലാസ് ടീച്ചർമാരും കുട്ടികളുടെ വാട്സ്ആപ്പ് ഗ്രൂപ്പിലേക്ക് അയച്ചു കൊടുക്കുകയും കുട്ടികൾ അത് നോട്ട്ബുക്കിൽ എഴുതി പഠിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു | പ്രതിദിനം | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ | |
| ഭൂഖണ്ഡങ്ങൾ സംസ്ഥാനം ജില്ല എന്നിവയെ പരിചയപ്പെടൽ | മലപ്പുറം, കേരളം, ഇന്ത്യ ,ലോകം എന്നിവയുടെ മാപ്പുകൾ ഒരു ചാർട്ടിൽ ഒട്ടിച്ച് അവയിൽ നിന്നും ജില്ലകൾ സംസ്ഥാനങ്ങൾ ഭൂഖണ്ഡങ്ങൾ എന്നിവ ഓരോന്നായി വെട്ടിയെടുക്കുന്നു ഓരോന്നും തരംതിരിച്ച് പ്രത്യേകം കവറുകൾ ആക്കി സൂക്ഷിക്കുന്നു ഇവ തൽസ്ഥാനത്ത് സ്ഥാപിക്കുന്ന മത്സരങ്ങൾ സംഘടിപ്പിക്കുന്നു | രണ്ടു മാസത്തിൽ ഒരിക്കൽ | സാമൂഹ്യ ശാസ്ത്ര ക്ലബ് ക്ലാസ് ടീച്ചർ | എസ് ആർ ജി | |

| | | | | | | |
|---|---|---|---|---|---|---|
| 4 | ആശയ രൂപീകരണം നിർമ്മാണം | സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട മുഴുവൻ കുട്ടികളും തയ്യാറാക്കിയ പതിപ്പുകൾ മാഗസിനുകൾ മോഡലുകൾ മുതലായവയുടെ പ്രദർശനം ക്ലാസ് പിടിയോട് അനുബന്ധിച്ച് അതാത് ക്ലാസുകളിൽ തന്നെ സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് | എസ് ആർ ജി എസ് എസ് ക്ലബ് ക്ലാസ് ടീച്ചർ | | |
| 5 | ഹാർഡ്സ്പോട്ടുകൾ കണ്ടെത്തി വിദഗ്ധ പരിശീലനം കൊടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് ഒരു ദിവസം നീണ്ടുനിൽക്കുന്ന ഒരു ക്ലാസ് സംഘടിപ്പിക്കുന്നു ജ്യോതിശാസ്ത്രം ഭൂമിശാസ്ത്രം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന നക്ഷത്ര നിരീക്ഷണം പഠന ക്ലാസ് ഐടി ഉപയോഗം വെർച്ചൽ ഗ്ലോബ് എന്നിങ്ങനെ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സെഷനുകൾ ഉൾപ്പെടുത്തുന്നു | വർഷത്തിൽ ഒന്ന് | എസ് ആർ ജി പിടിഎ സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് ആർ ജി പി ടി എ | |
| 6 | പ്രത്യക്ഷ അനുഭവങ്ങളിലൂടെ അറിവ് സമ്പാദിക്കൽ | ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ പുരാവസ്തു ശേഖരണ മ്യൂസിയങ്ങൾ എന്നിവ സന്ദർശ | വർഷത്തിൽ ഒന്ന് | ടൂർ കമ്മിറ്റി | പിടിഎ | |
| 7 | ആശയ രൂപീകരണം | ഉബണ്ടുവിലെ സ്റ്റെല്ലേറിയം കെ സ്റ്റാർ കെ ജോഗ്രഫി മാബിൾ സെലിസ്റ്റിയ മുതലായ അപ്ലിക്കേഷനുകൾ അതുപോലെ തന്നെ ഇൻറർനെ ഉപയോഗിച്ച് ഗൂഗിൾ മാപ്പ് ഗൂഗിൾ എന്നിവയുടെ ഉപ കുട്ടികൾക്ക് പരിചയപ്പെടാൻ പ്രവർത്തിച്ച് നോക്കുവാനുള്ള അവസരങ്ങൾ നൽകുന്നു | മാസത്തിൽ ഒന്ന് | അധ്യാപകർ | | |
| 8 | പ്രാദേശിക ചരിത്രരചന | വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പൂർവകാലം അന്വേഷിച്ചറിഞ്ഞ് രേഖാചിത്രങ്ങൾ ലഘു വിവരണങ്ങൾ ഇൻറർവ്യൂ എന്നിവ ഉൾപ്പെടുത്തി ഡിജിറ്റ മാഗസിൻ രൂപത്തിലേക്ക് മാറ്റുന്നു | ർഷത്തിൽ ഒന | എസ്.ആർ ജി സാമൂഹ്യശാസ്ത്ര ക്ലബ് | പിടിഎ | |

അക്ഷരമാല

[illegible]

Class - II

# പ്രവർത്തന കലണ്ടർ

## ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവ്വഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ മുതൽ മാർച്ച്
3. സംയുക്ത ഡയറി-ജൂൺ മുതൽ മാർച്ച്
4. പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ മുതൽ മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം
9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ
10. വായനോത്സവം - ജൂൺ മുതൽ മാർച്ച്
11. ഭാഷോത്സവം - ജനുവരി
12. ഗണിത കേളികൾ - ജൂൺ മുതൽ മാർച്ച്
13. ഗണിത കിറ്റ് - ജൂൺ മുതൽ മാർച്ച്
14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം
15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം
16. പരീക്ഷണ കിറ്റ് - ജൂൺ മുതൽ മാർച്ച്
17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ |
18. വിജയസ്പർശം - ജൂൺ മുതൽ മാർച്ച്
19. പാനീയമേള - ഡിസംബർ
20. ഭക്ഷ്യമേള - ഡിസംബർ
21. പലഹാര മേള - ഡിസംബർ

## 3 : മലയാളം മധുരം

**പ്രവർത്തന ലക്ഷ്യങ്ങൾ**

**ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.**

**സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.**

**ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു**

**ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.**

**കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.**

**പ്രവർത്തന ഘട്ടങ്ങൾ.**

**എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം**

**സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം**

**കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ**

**വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും**

**പുസ്തക പ്രകാശനം - ജനുവരി**

**ചുമതലകൾ**

**ക്ലാസ് ടീച്ചർ**

**രക്ഷിതാവ്**

**സാമ്പത്തികം PTA , BRC ( RS : 3000 )**

# 4 സംയുക്ത ഡയറി

## ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. - ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷ്കരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം )

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

<u>ചുമതല</u> -ക്ലാസ് ടീച്ചർ , രക്ഷിതാവ്

<u>സാമ്പത്തികം</u> – BRC ( RS : 1000 )

# 6 സചിത്ര പുസ്തകം.

## -ലക്ഷ്യപ്രസ്താവനകൾ-

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർത്തൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ് - സാമ്പത്തികം CPTA ( RS : 5000 )

# 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

## - ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- _ പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

## - .- പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ)

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

<u>ചുമതല</u> : ക്ലാസ് ടീച്ചർ , CPTA , SRG

സാമ്പത്തികം : CPTA , BRC ( RS : 1000 )

## -9 - ക്ലാസ് പത്രം

### -_ലക്ഷ്യപ്രസ്താവനകൾ

- - - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

### - __പ്രവർത്തന ഘട്ടങ്ങൾ

- - ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു ( ജൂലൈ അവസാനം)

- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു ( ജൂലൈ അവസാനം)

- കണ്ടെത്തലുകളുടെ അവതരണം ( ജൂലൈ - മാർച്ച്)

- കൂട്ടെഴുത്ത് നടക്കുന്നു ജൂലൈ :- മാർച്ച്)

- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി) <u>ചുമതല</u> -ക്ലാസ് ടീച്ചർ - <u>സാമ്പത്തികം</u> - PTA (RS :1000)

## 10 - രചനോത്സവം

- ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.c ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

ചുമതല : ക്ലാസ്സ്ടീച്ചർ , CPTA

സാമ്പത്തികം : CPTA , BRC ( RS : 2000)

## 12 - ഭാഷോത്സവം

### ലക്ഷ്യപ്രസ്താവനകൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു

- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

-ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.

- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.

- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു

- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു

- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.

- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

<u>ചുമതല</u> : ക്ലാസ്സ് ടീച്ചർ , CPTA , BRC

<u>സാമ്പത്തികം : SRG , CPTA ( RS : 3000 )</u>

# 13 ഗണിത കേളികൾ

## ലക്ഷ്യപ്രസ്താവനകൾ

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

## പ്രവർത്തനങ്ങൾ

വ്യത്യസ്തമായ ‌ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി - ജൂൺ - മാർച്ച്

## ചുമതലകൾ

ക്ലാസ് ടീച്ചർ

SRG

## സാമ്പത്തികം

CPTA ,

SSK ( RS : 2000 )

## 16 ലഘു പ്രോജക്ട്

### ലക്ഷ്യപ്രസ്താവനകൾ

**കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക**

### പ്രവർത്തനങ്ങൾ

**കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.**

**നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയുന്നു.**

**കാലയളവ് - ജൂൺ - മാർച്ച്**

### ചുമതലകൾ

**ക്ലാസ്ടീച്ചർ**

SRG

PTA

### സാമ്പത്തികം

PTA

SSK

(1000)

## 17 പരീക്ഷണക്കിറ്റ്

**ലക്ഷ്യപ്രസ്താവനകൾ**

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

**പ്രവർത്തനങ്ങൾ**

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ്ടീച്ചർ

SRG

PTA

**സാമ്പത്തികം** : CPTA , SSK

( RS : 2000 )

# UP ARABIC

## ACCADEMIC MASTER PLAN 2024-2025

G.U.P.S Tali

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബി (العربية)
## 2024 – 2025

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|---|
| അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരു പോലെ ഉള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. [illegible] നേട്ടത്തിലെത്തിക്കുക ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തിയശേഷം അവർക്ക് ആവശ്യമായ പരിശീലനങ്ങളും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. | ഒന്ന് മാസം | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | |
| അറബി ഭാഷാ ശേഷി വർധിപ്പിക്കുക പദസമ്പത്ത് വർധിപ്പിക്കുക. | **[illegible] പദം പരിചയപ്പെടുത്തൽ**<br>അദ്ധ്യാപിക പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ അറബി വാക്കുകൾ ചേർക്കുവാൻ സഹായിക്കുന്നു. ചെറിയ സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീ | | |

| | | | |
|---|---|---|---|
| | ഓരോ ദിവസത്തിലേക്കുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | [illegible] കാർഡുകൾ |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ വരച്ച് കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നങ്ങൾ, കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാസികകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | [illegible]ങ്ങൾ, [illegible]ങ്ങൾ |
| ഓരോ മാസവും കുട്ടികൾ വായനാ താൽപര്യമുള്ളവരാക്കുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. മാസത്തിലെ അവസാന പീരിയഡിൽ പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതു വിവരങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | [illegible] |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | തുക |
|---|---|---|---|
| [illegible] ഭാഷ [illegible] [illegible] പഠ [illegible] അറിവ് [illegible] കുട്ടിക്ക് [illegible] എത്തിക്കുക. | ഇന്റർനെറ്റ് തല നിലയങ്ങൾ നിർമ്മാണം<br>ഓരോ ഇന്റർനെറ്റ് നിലയത്തിൽ വാർത്തകൾ അറിയാൻ സൗകര്യം ഏർപ്പെടുത്തുകയാണ്. | 6 മാസം | |
| കുട്ടികൾക്ക് കലാ പരിപാടികൾ - അവതരിപ്പിക്കുന്നതിനും അവരുടെ കഴിവുകൾ കണ്ടെത്തുന്നതിനുമായി. | കഥ, പ്രസംഗം, ഗാനം, വാർത്തകൾ എന്നിവ അവതരിപ്പിക്കുന്നു. | ഒരു വർഷം | |
| വിദ്യാഭ്യാസം വികസനം ചെയ്യുന്ന മൂല്യങ്ങളും ഉപ[illegible] ഭാവങ്ങളും ഭാഷ പഠന രംഗത്തിലൂടെ ഉറപ്പ് വരുത്തുക. | അവധിക്ക് ക്ലാസ്സുകൾ<br>[illegible] [illegible] ക്ലാസ് നടത്തും. | | |